# സെക്യുലരിസത്തിന്റെ മാനങ്ങൾ

**യൂറോപ്പിൽ** ഉരുവം കൊണ്ട സിദ്ധാന്തമാണ് സെക്യുലരിസം. 'മനുഷ്യജീവിതത്തിന്റെ ക്ഷേമവും പുരോഗതിയും, ദൈവത്തിലും മതത്തിലുമുള്ള വിശ്വാസത്തിൽനിന്ന് മുക്തമായ മനുഷ്യ പ്രയത്ന ത്തിൽ മാത്രം അധിഷ്ഠിതമാകുന്നു' എന്ന ജീവിതവീക്ഷണമാണതെന്ന് ഓക്സ്ഫോർഡ് ഇംഗ്ലീഷ് ഡിക്ഷനറി പറയുന്നു. 'പ്രകൃതിയിൽനിന്ന് ദിവ്യത്വത്തിന്റെ നിർമാർജനവും രാഷ്ട്രത്തിന്റെയും മൂല്യ ങ്ങളുടെയും അപവിത്രീകരണവും', 'എല്ലാ പ്രകൃത്യാതീത മിത്തുകളും വിശുദ്ധ പ്രതീകങ്ങളും തകർത്തെറിയൽ', 'മതപരമായ എല്ലാ പ്രപഞ്ച ധാരണകളിൽനിന്നും ലോകത്തെ രക്ഷിക്കൽ, 'മനു ഷ്യബുദ്ധിയിലും ഭാഷയിലും, മതവും അതിഭൗതിക ശാസ്ത്രങ്ങളും ചെലുത്തുന്ന സ്വാധീന ങ്ങളിൽനിന്ന് ലോകത്തെ രക്ഷിക്കൽ' എന്നൊക്കെ സെക്യുലരിസം നിർവചിക്കപ്പെട്ടിട്ടുണ്ട്. ഈ നിർവചനങ്ങളെല്ലാം ഊന്നുന്നത് മതനിഷേധത്തിലും നാസ്തികത്വത്തിലുമാണ്. സ്റ്റേറ്റിനെ മത ത്തിൽനിന്നും ദൈവത്തിൽനിന്നും പൂർണമായി മുക്തമാക്കുകയായിരുന്നു യൂറോപ്പിൽ സെക്യുലരി സത്തിന്റെ ദൗത്യം. ആദ്യകാലത്ത് പൗരസ്ത്യ ദേശങ്ങളിൽ അറിയപ്പെട്ടിരുന്നത് ഈ അർഥത്തി ലുള്ള സെക്യുലരിസമാണ്. നിർമതവും നാസ്തികവുമായ ഒരാശയം എന്ന നിലയിൽ സ്വാതന്ത്ര്യ ലബ്ധിക്കു മുമ്പ് അവിഭക്ത ഭാരതത്തിൽ പ്രവർത്തിച്ചിരുന്ന ഇസ്‌ലാമിക പ്രസ്ഥാനം ഈ അർഥ ത്തിലുള്ള സെക്യുലരിസത്തെ എതിർത്തിട്ടുണ്ട്. ഇന്നും എതിർക്കുന്നുണ്ട്. നാസ്തികവും മതനി ഷേധപരവുമായ രാഷ്ട്രീയ വ്യവസ്ഥയെ ഇസ്‌ലാമിക പ്രസ്ഥാനം മാത്രമല്ല, മഹാത്മാ ഗാന്ധി അട ക്കമുള്ള പല സ്വാതന്ത്ര്യ സമര നായകന്മാരും നിരാകരിച്ചിട്ടുള്ളതാണ്. സമൂഹത്തിൽ നീതിബോ ധവും ധാർമിക-സദാചാര പ്രതിബദ്ധതയും നിലനിർത്താൻ ദൈവത്തിലും ദൈവശാസനകളിലു മുള്ള വിശ്വാസം പ്രയോജനപ്പെടുത്തണമെന്നായിരുന്നു അവരുടെ നിലപാട്.

അതിനാൽ സ്വാതന്ത്ര്യാനന്തരം ഇന്ത്യ സ്വീകരിച്ച സെക്യുലരിസം അതിന്റെ യൂറോപ്യൻ മാന ത്തിലുള്ളതായിരുന്നില്ല. ഇന്ത്യൻ സെക്യുലരിസത്തെക്കുറിച്ച് തത്ത്വചിന്തകനും മുൻ പ്രസിഡന്റു മായ ഡോ. എസ്. രാധാകൃഷ്ണൻ പറഞ്ഞതിങ്ങനെയാണ്: "സെക്യുലരിസം നിർമതമോ കേവല ഭൗതികമോ അല്ല. മനുഷ്യൻ ഭൗതിക സുഖത്തിൽ മാത്രം ശ്രദ്ധിക്കുക എന്നതുമല്ല അതിന്റെ താൽപ ര്യം. മറിച്ച് വിവിധ ജനവിഭാഗങ്ങൾ വ്യത്യസ്ത വഴികളിലൂടെ ആർജിച്ച ആത്മീയ മൂല്യങ്ങളുടെ സാർവലൗകികതയിൽ ഊന്നി നിൽക്കലാണ് സെക്യുലരിസം." പ്രഗത്ഭ നിയമവിശാരദനും വിദ്യാ ഭ്യാസ വിചക്ഷണനുമായ പി.ബി ഗജേന്ദ്ര ഗാഡ്കർ സെക്യുലരിസത്തിന്റെ യൂറോപ്യൻ മാനം നിരൂ പണം ചെയ്തുകൊണ്ട് എഴുതി: "ഇന്ത്യൻ സെക്യുലരിസം മതത്തെ നിഷേധിക്കുന്നില്ലെന്ന് സ്പഷ്ട മായി മനസ്സിലാക്കേണ്ടതുണ്ട്. മനുഷ്യ ജീവിതത്തിൽ മതത്തിന്റെ സ്വാധീനവും പ്രയോജനവും അംഗീ കരിക്കുകയാണ് ഇന്ത്യൻ സെക്യുലരിസം ചെയ്യുന്നത്. നമ്മുടെ ഭരണഘടനയുടെ വെളിച്ചത്തിൽ സെക്യുലരിസത്തിന്റെ അർഥമിതാണ്: രാജ്യത്ത് ഏതെല്ലാം മതങ്ങളുണ്ടോ അവയെല്ലാം സ്റ്റേറ്റിന്റെ ദൃഷ്ടിയിൽ തുല്യ പദവിയുള്ളതാണ്."

പൗരന്മാർക്ക് ഇഷ്ടമുള്ള മതം വിശ്വസിക്കാനും ആചരിക്കാനും പ്രചരിപ്പിക്കാനും ഇന്ത്യൻ ഭരണഘടന സ്വാതന്ത്ര്യം നൽകിയിരിക്കുന്നു. ഭരണഘടനയിൽ തന്നെ ദൈവത്തോടുള്ള ആദരം പ്രകടമാണ്. നിയമനിർമാണസഭകളിലെ അംഗത്വം പോലുള്ള ഭരണഘടനാപരമായ പദവികളേറ്റെ ടുക്കുന്നവർ ദൈവനാമത്തിൽ സത്യപ്രതിജ്ഞ ചെയ്യണം. ദൈവവിശ്വാസമില്ലാത്തവർക്ക് സ്വയം ദൃഢപ്രതിജ്ഞ ചെയ്യാം. എങ്കിലും ദൈവനാമത്തിലുള്ള പ്രതിജ്ഞയാണാദ്യം പരാമർശിക്കപ്പെട്ടിരി ക്കുന്നത്. വിവിധ മതവിഭാഗങ്ങൾക്ക് അവരവരുടെ വ്യക്തിനിയമങ്ങൾ പിൻപറ്റാനും ഇന്ത്യൻ സംവി ധാനം അനുവാദം നൽകിയിരിക്കുന്നു.

ഇന്ത്യയെപ്പോലൊരു ബഹുമത രാഷ്ട്രം അനിവാര്യമായി സ്വീകരിക്കേണ്ടതും കാത്തുസൂക്ഷി ക്കേണ്ടതുമാണ് ഈ മാനത്തിലുള്ള സെക്യുലരിസം. മുസ്‌ലിം സമുദായമോ ഇസ്‌ലാമിക പ്രസ്ഥാ നമോ അതിനെ എതിർക്കുന്ന പ്രശ്നമില്ല. എതിർത്തിട്ടുമില്ല. ഇന്ത്യയിലെ മുസ്‌ലിംകൾ അടക്കമുള്ള

എല്ലാ മതസമൂഹങ്ങളുടെയും സൗഹാർദപരമായ സഹവർത്തനവും ആഭ്യന്തര സമാധാനവും ഈ സെക്യുലരിസത്തിന്റെ ദാർഢ്യത്തെ ആശ്രയിച്ചിരിക്കുന്നു. ഇതര മതവിഭാഗങ്ങളുമായുള്ള സൗഹാർദവും സമാധാനപരമായ സഹവർത്തനവും ഇസ്‌ലാമിന്റെ പാരമ്പര്യവുമാണ്. മുഹമ്മദ് നബി(സ) മദീനയിൽ പ്രഥമ ഇസ്‌ലാമിക രാഷ്ട്രം സ്ഥാപിച്ചത് അവിടെയുണ്ടായിരുന്ന വിവിധ മത വിഭാഗങ്ങളെ ഉൾക്കൊണ്ടുകൊണ്ടും അവരുടെ മതസ്വാതന്ത്ര്യം ഉറപ്പുവരുത്തിക്കൊണ്ടുമായിരുന്നു.

ഇന്ത്യൻ മതേതരത്വത്തിനു നേരെ ഭീഷണിയുയർന്നപ്പോഴൊക്കെ ഇസ്‌ലാമിക പ്രസ്ഥാനം അതിനെതിരെ ശക്തമായി നിലകൊണ്ടിട്ടുണ്ട്. മതേതരത്വത്തിന് ഹാനികരമായ ഒരു നീക്കവും നാളിതുവരെ അതിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. പൊതുതെരഞ്ഞെടുപ്പുകളിൽ മതേതരത്വവിരുദ്ധ ശക്തികൾക്കെതിരെ മത്സരിക്കുന്ന മതേതര കക്ഷികളെ, മറ്റെല്ലാ അഭിപ്രായ വ്യത്യാസങ്ങളും മാറ്റിവെച്ച് ആ ഒരൊറ്റ പോയിന്റിൽ പിന്തുണക്കുകയാണ് പ്രസ്ഥാനം ചെയ്യാറുള്ളത്. ഈ വസ്തുത സമകാലീന ചരിത്രം സാക്ഷ്യപ്പെടുത്തുന്നതാണ്. ഈ സത്യങ്ങൾക്കെല്ലാം നേരെ കണ്ണിറുക്കിയടച്ച ചിലർ സ്വാതന്ത്ര്യപൂർവകാലത്ത് യൂറോപ്യൻ മാനത്തിലുള്ള സെക്യുലരിസത്തെക്കുറിച്ച് ഉന്നയിക്കപ്പെട്ട വിമർശനങ്ങൾ ചൂണ്ടിക്കാണിച്ച് ഇസ്‌ലാമിക പ്രസ്ഥാനത്തിൽ മതേതരത്വവിരുദ്ധതയും വർഗീയതയുംആരോപിച്ചുകൊണ്ടിരിക്കുകയാണ്. ഇസ്‌ലാമിക പ്രസ്ഥാനത്തോടുള്ള കൊടിയ വിരോധം മതേതരത്വത്തിന്റെ പേരിൽ ചെലവാക്കാൻ നോക്കുക മാത്രമാണവർ. ■